നം. കെ.എസ്.എ.പി.റ്റി.എ.പി6/1211/2016 തീയതി: 21/11/2016

# പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 08-02-2016 മുതൽ 19-10-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 20-10-2016 മുതൽ<br>02-11-2016 വരെ | ശ്രീ. അനിൽ മാത്യു ഐപ്പ് (ഓഡിറ്റ് ഓഫീസർ,ഹ.ഗ്രേ )<br>ശ്രീമതി. ജയപ്രഭ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. അരുൺ പി. ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. അശ്വതി വി. നായർ, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷേർലി ജോർജ്ജ് | 01.04.15മുതൽ 31.10.15വരെ |

| | | |
|---|---|---|
| | ഭരണ നിർവ്വഹണ സമിതി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീ. അനു.റ്റി.ശാമുവൽ | 19.11.15 മുതൽ 31.03.16 വരെ |
| *സെക്രട്ടറി* | ശ്രീമതി രേണുകാദേവി അമ്മാൾ<br>(അസിസ്റ്റന്റ് സെക്രട്ടറി, അധിക ചുമതല) | 01.04.15മുതൽ 25.05.15വരെ |
| | ശ്രീ. ടി.കെ.കുര്യൻ | 26.05.15 മുതൽ 31.03.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

അനുബന്ധ രേഖകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്
3. റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്
4. ബാലൻസ് ഷീറ്റ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015 -16 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2015-16 | 26.03.2015 | ഇല്ല |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകൾക്ക് യഥാർത്ഥ വരവുചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവുചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 7274910 | 21838625 | (+)14563715 |
| വരവ് | 108510797 | 37769215 | (-)70741582 |
| ആകെ | 115785707 | 59607840 | (-)56177867 |
| ചെലവ് | 110509892 | 45418968 | (-)65090924 |
| നീക്കിയിരിപ്പ് | 5275815 | 14188872 | (+)8913057 |

കേരള ഗ്രാമപഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2016 | 28.06.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു. ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം ഖണ്ഡിക 2-1 ആയി ചേർത്തിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 21838625 |
| വരവ് | 37769215 |
| ആകെ | 59607840 |
| ചെലവ് | 45418968 |
| നീക്കിയിരിപ്പ് | 14188872 |

## 1-4 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1671098 | 1249116 | 755906 | 10479298 | 10479278 | - | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1523888 | 2740000 | - | 4263888 | 2890000 | 1373888 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 55000 | 121000 | - | 176000 | 176000 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 862369 | 1991970 | - | 2854399 | 2854399 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2916786 | 1505521 | - | 4422307 | 4422307 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 815651 | 7557430 | - | 8373581 | 5379405 | 2994176 | 0 |
| ലോക ബാങ്ക് സഹായം | 3191000 | 872015 | - | 4063015 | 872015 | 3191000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (2015-16 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 210 | 57851425 | 135 | 30993101 | - | 75 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 16 | 5346080 | 8 | 2236255 | 42 |
| സേവനം | 72 | 31203836 | 45 | 15863402 | 51 |
| പശ്ചാത്തലം | 122 | 21301509 | 82 | 12893444 | 61 |
| ആകെ | 210 | 57851425 | 135 | 30993101 | 54 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 5 | 3670350 | 2672635 | 73 |
| കുട്ടികൾ | 3 | 1836000 | 1118324 | 61 |
| വൃദ്ധർ | 1 | 100000 | 0 | 0 |
| ഭിന്നശേഷിയുള്ളവർ | 1 | 200000 | 199999 | 99.9 |
| ആശ്രയ പദ്ധതി | 1 | 200000 | 200000 | 100 |
| പാലിയേറ്റിവ് കെയർ | 1 | 405000 | 389282 | 96 |
| യുവജന വികസന പദ്ധതി | 2 | 320000 | 200000 | 63 |

## 1-6 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5659841 | 5393396 | (-)266445 | 4.7 |
| നികുതിയേതര വരവുകൾ | 5069352 | 6416144 | (+)1346792 | 26.5 |
| മറ്റു വരവുകൾ | 6880042 | 7635915 | (+)755873 | 10.9 |
| ആകെ | 17609235 | 19445455 | (+)1836220 | 10.4 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 106 | 193050 |
| വിധവാപെൻഷൻ | 659 | 1587360 |
| വാർദ്ധക്യകാലപെൻഷൻ | 218 | 1193670 |
| വികലാംഗപെൻഷൻ | 106 | 193050 |

| | | |
|---|---|---|
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 27000 |
| തൊഴിൽ രഹിത വേതനം | 29 | 48240 |

## 1-8 ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02-11-16ൽ 10-30 am-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 180 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഫ്രണ്ട് ഓഫീസ് സംവധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു.

വരവുകൾ

വരവിനങ്ങളുടെ രജിസ്റ്ററുകൾ വരവിനങ്ങളിൽ വസ്തുനികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 2015-16 വർഷം വരെ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടത്തുവാനവശേഷിക്കുന്നു. നികുതി നിർണ്ണയിക്കുമ്പോൾ തന്നെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയതിലും അപാകതകളുണ്ട് (റോഡുകളുടെ തരം ചേർത്തതിലുൾപ്പെടെ). പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വസ്തുനികുതിയുടെ കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്. ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കൃത്യമായ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല നൽകി വന്നിരുന്നത്. അതിനാൽ ഫീസ് ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിലെ എല്ലാ ബിസിനസ് സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പാക്കുന്നില്ല.

ചെലവുകൾ

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ മേൽസൂചിത അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഈ കാരണത്താൽ തൻവർഷവും മുൻവർഷങ്ങളിലും തേയ്മാനം കുറവ് ചെയ്തിട്ടില്ല.
2. വസ്തു നികുതി പരിഷ്കരണം - ഫോം 6 പ്രകാരമുള്ള വിവരങ്ങളുടെ ഡേറ്റാ എൻട്രി നടപ്പു സാമ്പത്തിക വർഷവും പൂർത്തിയായിട്ടില്ല, ഉള്ളവയിൽ അപാകതകളും ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015, 26.12.2015-ലെ ജി.ഒ.(എം എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. ഇക്കാരണങ്ങളാൽ കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിശ്ശിക-തന്നാണ്ട് തുകകളുടെ കൃത്യതയും വ്യക്തമല്ല.

## 2-2-1 വസ്തുനികുതി നിർണ്ണയം - അസസ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

1. പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അസസ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകളും തമ്മിൽ സാരമായ വ്യത്യാസം കാണുന്നു. സഞ്ചയ സോഫ്റ്റ്വെയറിൽ ഡേറ്റാ എൻട്രി നടത്തുന്നതിലും അപാകം സംഭവിക്കുന്നുണ്ട്. റോഡുകളുടെ വിവരം, കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം എന്നിവയിലും, കണക്കാക്കിയ നികുതിയിലും ഈ വ്യത്യാസം പ്രകടമാണ്.

ഉദാ. ഇട്ടിയപ്പാറ – വടശ്ശേരിക്കര റോഡ് സഞ്ചയയിൽ 1.5 മീറ്ററിനും 5 മീറ്ററിനും ഇടയ്ക്ക് വീതിയുള്ള റോഡ് ആയിട്ടാണ് ചേർത്തിരിക്കുന്നത്. ഈ റോഡ് ബസ് റൂട്ട് ഉള്ള 8 മീറ്റർ വീതിയുള്ള റോഡാണ്.

2. വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമായും സഞ്ചയ സോഫ്റ്റ്വെയറിലെ ഡേറ്റാബേസിലേക്ക് ചേർത്തിട്ടില്ല. മുൻ വർഷങ്ങളിലെ ഡേറ്റയും പൂർത്തീകരിക്കുവാനവശേഷിക്കുന്നു. ഉദാ.

| ക്ര.നം. | വാർഡ് / കെട്ടിട നം. | ഉടമയുടെ പേര് വിവരം | വിസ്തീർണ്ണം | നികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 17/461 | പി.കെ. മാത്യു | 158 | 7900+395LC |
| 2 | 17/462 | | 57 | 3420+171LC |
| 3 | 17/463 | | 57 | 3420+171LC |
| ഇതിൽ ക്രമ നം. 3 ലെ കെട്ടിടം മാത്രമാണ് സഞ്ചയയിൽ ചേർത്തിട്ടുള്ളത്. | | | | |

വസ്തുനികുതി നികുതി നിർണ്ണയ രജിസ്റ്ററിലെയും, സഞ്ചയ സോഫ്റ്റ്‌വെയറിലെയും രേഖപ്പെടുത്തലുകൾ കൃത്യവും പൂർണ്ണവും ആക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2-2 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/ തസ്വഭവ പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിൽ തറ വിസ്തിർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 60 രൂപയായി റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (27-9-2011 ലെ 5 നമ്പർ തീരുമാനം). എന്നാൽ സപ്ലിമെന്ററി അസസ്സമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷം പഞ്ചായത്തിൽ നികുതി നിർണ്ണയം നടത്തിയ 100 ച.മീറ്ററിലധികമുള്ള വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയത്.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ) | ഈടാക്കിയ അടിസ്ഥാന നികുതി (ച.മീ.ന് 50രൂപ) +/- (വർദ്ധനവ്/ഇളവ്) | ഈടാക്കേണ്ട അടിസ്ഥാന നികുതി (ച.മീ.ന് 60 രൂപ) +/- (വർദ്ധനവ്/ഇളവ്) | കുറവ് |
|---|---|---|---|---|---|---|
| 1 | 13/805 | കെ.എം. ഏബ്രഹാം | 150 | 7500+375LC | 9000+450LC | 1500+75 |
| 2 | 13/806 | | 145 | 7250+363LC | 8700+435LC | 1450+72 |
| | ആകെ | | | | | 2950+147 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശിക കെട്ടിട ഉടമയിൽ നിന്നോ അല്ലാത്ത പക്ഷം നികുതി നിർണ്ണയം നടത്തിയ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതുമാണ്.

## 2-2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം വന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ

വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (27-9-2011 ലെ 5 നമ്പർ തീരുമാനം). എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100/-ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 50/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് വിവരം | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | 9/941 | സജി.പി.തോമസ് | 90 FF | =5130+257LC | 6156+308LC (+20%റോഡ് -5%FF) | 1026+ 51 |
| 2 | 9/942 | | 90 FF | 5130+257LC | 6156+308LC (+20%റോഡ് -5%FF) | 1026+ 51 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 9/943 | | 90 FF | 5130+257LC | 6156+308LC (+20%റോഡ് -5%FF) | 1026+ 51 |
| 4 | 15/1478 | തോമസ് മാത്യു | 44.24 | 2655+133LC | 3185+159LC (+20%റോഡ്) | 530+26 |
| 5 | 15/1479 | | 67.65 | 4060+203LC | 4871+244LC (+20%റോഡ്) | 811+41 |
| 6 | 15/1480 | | 7.75 | 465+24LC | 558+30LC (+20%റോഡ്) | 93+6 |
| 7 | 15/1482 | മാത്തൻ മാത്യു | 95 | 5670+284LC | 6840+342LC (+20%റോഡ്) | 1170+58 |
| 8 | 15/1483 | | 52 | 3120+156LC | 3744+187LC (+20%റോഡ്) | 624+31 |
| 9 | 15/1484 | | 52 | 3120+156LC | 3744+187LC (+20%റോഡ്) | 624+31 |
| 10 | 15/1485 | | 17 | 1020+51LC | 1224+61LC (+20%റോഡ്) | 204+10 |
| 11 | 13/812 | ഏബ്രഹാം കുരുവിള | 38 GF | 2280+114LC | 2736+137LC (+20%റോഡ്) | 456+23 |
| 12 | 13/813 | | 38 GF | 2280+114LC | 2736+137LC (+20%റോഡ്) | 456+23 |
| 13 | 13/814 | | 38 GF | 2280+114LC | 2736+137LC (+20%റോഡ്) | 456+23 |
| 14 | 13/815 | | 38 GF | 2280+114LC | 2736+137LC (+20%റോഡ്) | 456+23 |

| | | | | | | |
|---|---|---|---|---|---|---|
| 15 | 13/816 | | 38 FF | 2160+109LC | 2599+130LC (+20%റോഡ് -5%FF) | 439+21 |
| 16 | 13/817 | | 38 FF | 2160+109LC | 2599+130LC (+20%റോഡ് -5%FF) | 439+21 |
| 17 | 13/818 | | 38 FF | 2160+109LC | 2599+130LC (+20%റോഡ് -5%FF) | 439+21 |
| 18 | 13/819 | | 38 FF | 2160+109LC | 2599+130LC (+20%റോഡ് -5%FF) | 439+21 |
| 19 | 13/820 | | 150 SF | 8100+405LC | 9720+486LC (+20%റോഡ്-10%SF) | 1620+81 |
| 20 | 17/461 | പി.കെ. മാത്യു | 158 | 7900+395LC | 11376+569LC (+20%റോഡ്) | 3476+174 |
| 21 | 17/462 | | 57 | 3420+171LC | 4104+205LC (+20%റോഡ്) | 684+34 |
| 22 | 17/463 | | 57 | 3420+171LC | 4104+205LC (+20%റോഡ്) | 684+34 |
| 23 | 17/475 | മാത്യു എൻ.സി. | 89.6FF | 5108+256LC | 6129+306LC (+20%റോഡ് - 5%FF) | 1021+50 |
| 24 | 17/476 | | 38.7FF | 2207+111LC | 2647+132LC (+20%റോഡ് - 5%FF) | 440+21 |

| | | | | | | |
|---|---|---|---|---|---|---|
| 25 | 17/477 | | 53FF | 3021+152LC | 3625+181LC (+20%റോഡ് - 5%FF) | 604+29 |
| 26 | 17/480 | അലക്സാണ്ടർ, ഒടിക്കണ്ടത്തിൽ | 13 | 780+39LC | 936+47LC (+20%റോഡ്) | 156+8 |
| 27 | 17/481 | | 12 | 720+36LC | 864+43LC (+20%റോഡ്) | 144+7 |
| 28 | 17/482 | | 30 | 1800+90LC | 2160+108LC (+20%റോഡ്) | 360+18 |
| 29 | 17/483 | | 30 | 1800+90LC | 2160+108LC (+20%റോഡ്) | 360+18 |
| 30 | 17/484 | | 14 | 840+42LC | 1008+50LC (+20%റോഡ്) | 168+8 |
| 31 | 17/485 | | 10 | 600+30LC | 720+36LC (+20%റോഡ്) | 120+6 |
| 32 | 17/486 | | 15 | 900+45LC | 1080+54LC (+20%റോഡ്) | 180+9 |
| 33 | 17/489 | | 20 | 1140+57LC | 1440+72LC (+20%റോഡ്) | 300+15 |
| | | | | ആകെ | 21031 + 1044 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് ഈടാക്കിയ വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് 2013-14 മുതൽ നികുതി നിർണ്ണയിച്ച സമാനമായ വാണിജ്യകെട്ടിടങ്ങളുടെയും, കൂട്ടിച്ചേർക്കൽ മൂലം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമാകുന്ന കെട്ടിടങ്ങളുടെയും നികുതി മേൽ സൂചിപ്പിച്ച പ്രകാരം പുനർനിർണ്ണയിക്കേണ്ടതാണ്.

## 2-2-4 മൊബൈൽ ടവറുകൾ ഉപയോഗപ്പെടുത്തുന്ന മുഴവൻ ഭാഗത്തേയും നികുതി ചുമത്തുന്നില്ല

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴവൻ ഭാഗത്തിനും സ.ഉ (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല . ബാറ്ററി മുറി, അനുബന്ധമുറി എന്നിവ മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം.707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം)നികുതി ചുമത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ വിവരം | സ്ഥലം ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീ.) | നിശ്ചയിച്ച നികുതി |
|---|---|---|---|---|---|
| 1 | 1/49 | ഐഡിയ സെല്ലുലാർ | | 64 | 23520 |
| 2 | 2/269 | ബി.എസ്.എൻ.എൽ. | | 4 | 2520 |
| 3 | 2/544 | വോഡഫോൺ | | 64 | 26880 |
| 4 | 2/600 | ബി.എസ്.എൻ.എൽ. | ബോബി ടി. മാണി, തൈപ്പറമ്പിൽ | 8 | 5040 |
| 5 | 3/537 | ഐഡിയ സെല്ലുലാർ | | 62 | 35806 |
| 6 | 3/539 | ബി.എസ്.എൻ.എൽ. | | 16 | 6720 |
| 7 | 5/560 | ഐഡിയ സെല്ലുലാർ | പി.എം. ചാക്കോ, പൂവേലിൽ | 70.5 | 44415 |
| 8 | 9/529 | ഐഡിയ സെല്ലുലാർ | | 12 | 6300 |
| 9 | 9/530/ | ഐഡിയ സെല്ലുലാർ | | 25 | 13125 |

| | | | | | |
|---|---|---|---|---|---|
| 10 | 9/531/ | ഐഡിയ സെല്ലുലാർ | | 12 | 6300 |
| 11 | 9/819/ | | ടി.വി.ജോൺ, തേന്മാത്തിൽ | 35 | 22050 |
| 12 | 10/293 | ഇൻഡസ് ടവർ | | 61 | 9608 |
| 13 | 13/626/ | ബി.എസ്.എൻ.എൽ. | സബ് ഡിവിഷണൽ എഞ്ചിനിയർ | 64 | 36920 |
| 14 | 13/749 | ഐഡിയ സെല്ലുലാർ | | 62 | 29296 |
| 15 | 13/773 | ബി.എസ്.എൻ.എൽ. | | 13 | 7800 |
| 16 | 14/812 | ടാറ്റാ ടവർ | | 64 | 36960 |

മേൽ ചേർത്തിരിക്കുന്നതിൽ ക്രമ നം. 2, 4, 6, 11, 15 എന്നീ ടവറുകൾക്ക് മറ്റുള്ളവയേക്കാൾ വളരെ കുറഞ്ഞ സ്ഥലത്തിനാണ് നികുതി ചുമത്തിയതായി കാണുന്നത്. ഇത് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്താത്തതിനാലാണ് എന്ന് വ്യക്തമാണ്. കുറഞ്ഞ സ്ഥലം നികുതി ചുമത്തിയതായി രേഖപ്പെടുത്തിയവ കെട്ടിടങ്ങൾക്ക് മുകളിലുള്ളവയാണെങ്കിൽ ടവർ ഓപ്പറേറ്റർമാർ ലീസിനെടുത്തിട്ടുള്ള മുഴുവൻ ഭാഗത്തിന്റെയും വിസ്തീർണ്ണത്തിനും നികുതി ചുമത്തേണ്ടതാണ്. ആയതിനാൽ മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തിനും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ)നികുതി ചുമത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 <u>പരസ്യനികുതി പിരിക്കുന്നില്ല</u>

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013-ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013-ൽ പുറപ്പെടുവിച്ച എൽ.എസ്.ജി.(ആർ.സി)

വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സ മുണ്ടാക്കുന്ന രീതിയിൽ റോഡുകൾ, റോഡരികുകൾ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ, ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നും ഇതിനുള്ള ചെലവുകൾ ടി സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാമെന്നും സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലാ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്.

## 2-4 ഡി ആന്റ് ഓ ലൈസൻസ് നൽകുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 395 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ 452 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ഫീൽഡിൽ പോയിട്ടല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഗ്രാമപ്പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഡി ആന്റ് ഓ ലൈസൻസ് അനുവദിക്കുകയും ചെയ്യേണ്ടതാണ്.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. മുൻ വർഷങ്ങളിൽ ഈടാക്കിയിരുന്ന ലൈസൻസ് ഫീസ് തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ഇതുകാരണം പഞ്ചായത്തിന് വരവിനത്തിൽ വൻ തുക നഷ്ടമുണ്ടാകുന്നു. ദിവസേന വൻ തുക വിറ്റുവരവുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് പോലും വളരെ കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാമായിരുന്ന പരമാവധി ലൈസൻസ് ഫീസ് |
|---|---|---|
| കെ.എസ്.എബ്രഹാം & കമ്പനി ഐ.ഓ.സി ഡീലേഴ്സ് പെട്രോൾ പമ്പ് | 1000 (രസീത് നം. ലഭ്യമല്ല) | 4000 |
| മാവേലിൽ ഫ്യൂവൽസ്, റാന്നി | 1000 (രസീത് നം.1100669 | 4000 |

| | | |
|---|---|---|
| | തീയതി 28.4.15) | |
| എൻസ് ഫ്യവൽസ്, റാന്നി | 1000 (രസീത് നം.1100950 തീയതി 14.5.15) | 4000 |
| കെ.എസ്.തോമസ്, പാറയ്ക്കൽ ഹിൽ വ്യൂ ബിയർ ആന്റ് വൈൻ പാർലർ | 1000 (രസീത് നം.1101719 തീയതി 24.6.15) | 4000 |
| ഹോട്ടൽ യുവറാണി ബിയർ ആന്റ് വൈൻ പാർലർ | 1000 (രസീത് നം.1101790 തീയതി 30.6.15) | 4000 |
| ജോസഫ് മാത്യൂ, പുല്ലംപള്ളി, നാറാണംമൂഴി ക്രഷർ യൂണിറ്റ് | 1000 (രസീത് നം.1101892 തീയതി 7.7.15) | 4000 |
| എ.എം.ആന്റണി, ആനിത്തോട്ടത്തിൽ, കങ്ങഴ - ക്രഷർ യൂണിറ്റ് | 1000 (രസീത് നം.1102536 തീയതി 17.8.15) | 4000 |
| പി.ജെ.ജോസഫ്, പുത്തൂർ, തോട്ടമൺ ക്വാറി | 1000 (രസീത് നം.1104583 തീയതി 16.12.15) | 4000 |

3. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 452 വ്യാപാരികളിൽ 18 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ വ്യാപാരികളിൽ നിന്ന് ലൈസൻസിനുള്ള അപേക്ഷ സ്വീകരിച്ച് ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4. ഡി ആന്റ് ഓ ലൈസൻസിനുള്ള ഭൂരിഭാഗം അപേക്ഷകളോടൊപ്പവും സ്ഥലനാമ സാക്ഷ്യപത്രം (30.01.2008-ലെ 4658/RC$_3$/2008/LSGD നമ്പർ സർക്കുലർ പ്രകാരം), പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യപത്രം (16.03.2007-ലെ GO(P)795/07/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം) എന്നിവ ഉൾക്കൊള്ളിച്ചിട്ടില്ല.

## 2-5 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ പോൾട്രി ഫാം പ്രവർത്തിക്കുന്നു

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് ഫോറം നമ്പർ 2-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ചാൽ ഫോറം നമ്പർ 3-ൽ ലൈസൻസ് അനുവദിക്കേണ്ടതുമാണ്. എന്നാൽ ബിജു.കെ.എസ്, കക്കുഴിയിൽ, കരികുളം എന്ന വ്യക്തി പോൾട്രി ഫാം നടത്തുന്നത് ലൈവ് സ്റ്റോക്ക്

ഫാം ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയാണ്. ടിയാൻ ഡി ആന്റ് ഓ ലൈസൻസ് മാത്രമാണ് എടുത്തിട്ടുള്ളത്. പോൾട്രി ഫാമിന് ചട്ടപ്രകാരമുള്ള ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമല്ല

(ക) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 270, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ചട്ടം 5 പ്രകാരം, ഇത്തരം സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 270A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം, മേൽ നിർദ്ദേശങ്ങൾ ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000 രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഒരോ ദിവസത്തിനും 500 രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്ക പ്പെടാവുന്നതാണ്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്ന് നിയമാനുസൃതമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

1. സെന്റ് തോമസ് ഡെന്റൽ ക്ലിനിക്ക്, പഴവങ്ങാടി

2. സോംസൺ ഡെന്റൽ ക്ലിനിക്ക്, പഴവങ്ങാടി

3. ഈശോസ് ഡെന്റൽ ക്ലിനിക്ക്, ഇട്ടിയപ്പാറ

(ഖ) 1998 ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡിലിംഗ്) ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് / സമ്മതപത്രം ഉള്ള സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമേ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനാനുമതി നൽകാൻ പാടുള്ളുവെന്ന് സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ 13.03.2012- ലെ G.O. (M.S.) 04/2012/Envt നമ്പർ ഉത്തരവ്, 17.05.2014- ലെ G.O. (M.S.) 05/2014/Envt നമ്പർ ഉത്തരവ്, 05.11.2012- ലെ എൻവയൺമെന്റ് (ബി) ഡിപ്പാർട്ട്മെന്റിന്റെ 3781 /ബി2/2011/എൻവയൺമെന്റ് നമ്പർ സർക്കുലർ, 09.12.2011- ലെ 47724/ഡി.സി1/ 2011/ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അശ്വിനി ആയുർവ്വേദ ഹോസ്പിറ്റൽ, പഴവങ്ങാടിക്ക് രജിസ്ട്രേഷൻ അനുവദിച്ചത്, ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അഭാവത്തിലാണ്.

നിയമാനുസൃതമുള്ള രജിസ്ട്രേഷനില്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയതും, ബയോ മെഡിക്കൽ വേസ്റ്റ് കാര്യക്ഷമമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സംവിധാനമുണ്ടെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ രജിസ്ട്രേഷൻ പുതുക്കി നൽകിയതും അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കുടിശ്ശിക വർദ്ധിക്കുന്നു

വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക കുടിശ്ശിക 2014-15 വരെ യുള്ളത് 489215/ രൂപയാണ്. തൻ വർഷത്തിലെ വാടകയിനത്തിൽ 745438/ രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

പിരിവിന്റെ വിവരം ചുവടെ ചേർക്കുന്നു

| തൻവർഷം | | |
|---|---|---|
| ഡിമാന്റ് | പിരിവ് | ബാലൻസ് |
| 4006431 | 3260993 | 745438 |
| 2014-15 വരെയുള്ള കുടിശ്ശിക | | |
| ഡിമാന്റ് | പിരിവ് | ബാലൻസ് |
| 930972 | 441757 | 489215 |

മുൻ വർഷങ്ങളിലെ കുടിശ്ശികയുടെ പകുതിയോളം മാത്രമേ പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുള്ളൂ. തൻവർഷത്തെ വാടകക്കുടിശ്ശികയുടെ 19% ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ഓരോ വർഷവും 5% വാടക വർദ്ധനവിൽ വാടകക്കാരെ തുടരാനനുവദിക്കുകയാണ് ചെയ്തു വരുന്നത്. വാടകക്കാരുമായി കരാർ വെയ്ക്കുകയോ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കുകയോ ചെയ്യാത്തതിനാൽ കുടിശ്ശിക വരുത്തുന്നവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനും സാധിക്കാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. 2015-16 വർഷം വാടകക്കാരുമായി കരാർ വച്ചിട്ടുണ്ട്.എന്നാൽ കുടിശ്ശിക വരുത്തിയവർക്ക് വീണ്ടും കടമുറികൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും കുടിശ്ശിക ഈടാക്കുകയും ചെയ്യേണ്ടതാണ്.

3 മാസത്തിലധികം കുടിശ്ശിക വരുത്തുന്നവരുടെ ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും അവരെ ഒഴിപ്പിച്ച് കടമുറികൾ വീണ്ടും ലേലം ചെയ്തു കൊടുക്കേണ്ടതുമാണ്.

വാടകക്കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 മത്സ്യ മാർക്കറ്റിലെ ഫീസ് പിരിവ് -അപാകതകൾ

2015-16 വർഷം മത്സ്യ മാർക്കറ്റിലെ ഫിസ് പിരിവ് ലേലത്തിൽ പോയിട്ടില്ല.തൻവർഷം പഞ്ചായത്ത് നേരിട്ടു പിരിവ് നടത്തുകയായിരുന്നു ചെയ്തത്. തൻവർഷം ഈയിനത്തിൽ 254030 രൂപ വരവുണ്ട്.

മാർക്കറ്റ് ഫീസ് പിരിവിന്റെ വരവു രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

മാർക്കറ്റ്ഫീസ് പിരിവിനായി പഞ്ചായത്ത് രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുന്നുണ്ട്. ബുക്കുകൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നില്ല. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിലല്ലാതെ പൊതുവായ സ്റ്റോക്ക് രജിസ്റ്ററിലാണ് ബുക്കുകളുടെ വിവരം ചേർത്തിട്ടുള്ളത്. രസീത് ബുക്കുകൾ സ്റ്റോക്കിലെടുക്കുന്ന തീയതി, ബുക്കുകൾ വാങ്ങിയതിന്റെ വിവരം, പിരിവിനായി വിതരണം ചെയ്ത തീയതി, ആർക്കാണ്

നൽകിയത് എന്നീ വിവരങ്ങളൊന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചല്ല രസീതുകൾ എഴുതുന്നത്.

രസീത് ബുക്കുകൾ സ്റ്റോക്കിലെടുക്കുമ്പോഴും വിതരണം ചെയ്യുമ്പോഴും ആവശ്യമായ രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്ററററിൽ വരുത്തേണ്ടതാണ്.

ഫീസ് പിരിക്കുന്നതിന് പ്രത്യേക മാനദണ്ഡമൊന്നും സ്വീകരിച്ചിട്ടില്ല.പലരിൽ നിന്നും പല നിരക്കിലാണ് ഫീസ് ഈടാക്കുന്നത്.350,360,600 എന്നിങ്ങനെയാണ് നിരക്ക്. പ്രതിമാസം 10 ദിവസത്തിൽത്താഴെ മാത്രമാണ് ഫീസ് പിരിവ് നടത്തുന്നത്.മാർക്കറ്റ് ദിവസങ്ങളില്ലാതെ മറ്റു ദിവസങ്ങളിലും ചെറിയതോതിൽ മത്സ്യവ്യാപാരം നടക്കാറുണ്ട്.എന്നാൽ എല്ലാ ദിവസവും ഫീസ് പിരിക്കുന്നില്ല.

തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലോ മറ്റ് യുക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലോ ഫീസ് പിരിവ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി എല്ലാദിവസവും പിരിവ് നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 ലേലം-സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല

പ്രൈവറ്റ് ബസ്സ് സ്റ്റാന്റിന് പുറകുവശത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നവരിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 28.03.2015-ൽ നടന്ന ലേലത്തിൽ, ഉയർന്ന തുകയായ 54500 രൂപ വിളിച്ച രാജേഷ്.പി.ബി, പേരേത്ത്, മല്ലപ്പുഴശ്ശേരി എന്നയാളുടെ പേർക്ക് ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ലേലത്തുകയും 6813 രൂപ സർവ്വീസ് ടാക്സും ഉൾപ്പെടെ 61313 രൂപയാണ് ടിയാൻ ഒടുക്കേണ്ടിയിരുന്നത്. എന്നാൽ 15000 രൂപ നിരതദ്രവ്യം ഉൾപ്പെടെ 54500 (രസീത് നം.1109730 തീയതി 28.3.15) രൂപ മാത്രമാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. ലേലക്കാരനിൽ നിന്ന് സർവ്വീസ് ടാക്സ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വസ്തു വകകളുമായി ബന്ധപ്പെട്ട് യാതൊരു വിധ രേഖകളും പഞ്ചായത്തിൽ ലഭ്യമല്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഭൂമികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക വസ്തുവിന്റെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഇട്ടിയപ്പാറ മാർക്കറ്റ് | 317/19,20<br>406/16 | 63 ആർ 90 ച.മീ | |
| 2 | പഴവങ്ങാടി ബസ് സ്റ്റാന്റ് | 260/7, | 1ഹെക്ടർ 18 ആർ | |

| | | | | |
|---|---|---|---|---|
| | | 260/3,4<br>261/6 | 45 ച.മീ | |
| 3 | ജണ്ടായിക്കൽ ബറിയൽ ഗ്രൗണ്ട് | 621 | 32 ആർ | |
| 4 | മൃഗാശുപത്രി കെട്ടിടം (പഴയ മാർക്കറ്റ്) | 246/13 | 13 ആർ 23 ച.മീ | |
| 5 | ചേത്തക്കൽ സ്റ്റേഡിയം | 45/1-1 | 18 ആർ | |
| 6 | 52 ഏക്കർ എസ്.സി കോളനി അംഗനവാടി | 567/5 | 3 സെന്റ് | |

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് സെക്രട്ടറി നൽകിയ മറുപടിയിൽ വ്യക്തമാക്കിയത്. 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നു.ഇതിൽ ചേത്തയ്ക്കൽ സ്റ്റേഡിയത്തിന്റെ 2015-16 വർഷത്തെ കരം അടച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് (നം.20, തീയതി 1.11.16) ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നൽകിയ മറുപടി പ്രകാരം ചെറുവാഴക്കുന്ന് തടം, ചേത്തയ്ക്കൽ, ചകിണിപ്ലാക്കൽ പടി, ചാവരുപാറ, വട്ടാർക്കയം, കോതാനി എന്നീ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ വട്ടാർക്കയം,കോതാനി എന്നീ അങ്കണവാടികളുടെ സ്ഥലം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ആസ്തി രജിസ്റ്ററിൽ മറ്റ് അങ്കണവാടികളുടെ സ്ഥലം കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് രാജ് ആക്ട് നിയമം 242 പ്രകാരം സ്ഥലം തഹസീൽദാർ മുഖേന വില്ലേജ് ഓഫീസറോട് പഞ്ചായത്തിന്റെ വസ്തുവകകൾ സംബന്ധിച്ച് വില്ലേജിലെ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ വസ്തുവിന്റെ ഉടമസ്ഥതയെക്കുറിച്ച് വിവരങ്ങൾ ആരായാവുന്നതും നിശ്ചിതസമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്. പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടം 5 പ്രകാരം അനധികൃത കൈയ്യേറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

പഞ്ചായത്തിലെ 60ാം നമ്പർ അങ്കണവാടിയ്ക്കുവേണ്ടി 01 ആർ 21 ച.മീറ്റർ സ്ഥലം ചെല്ലയ്ക്കാട് കളരിപ്ലാക്കൽ വീട്ടിൽ പത്രോസ്,അമ്മിണി,കുഞ്ഞമ്മ,ആലീസ് എന്നിവർ ചേർന്ന് പഞ്ചായത്തിന് എഴുതി നൽകിയിട്ടുണ്ട്. 31-05-2016 ലാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്.എന്നാൽ നാളിതുവരെ പോക്കുവരവു നടത്തി വസ്തു പേരിൽക്കൂട്ടി കരം അടച്ചിട്ടില്ല.

പഴവങ്ങാടി അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം ,കുടുംബശ്രീ കെട്ടിടത്തിന് ഗേറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ മാത്രമേ ആസ്തി സംരക്ഷണത്തിനായി തൻവർഷം പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളൂ. ഇവയിൽ പഴവങ്ങാടി അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം എന്ന പദ്ധതി മാത്രമാണ്

നടപ്പിലാക്കിയത്.

പഞ്ചായത്തിന്റെ വസ്തുവകകളുടെ അതിർത്തി നിർണ്ണയിക്കുകയോ വേലികെട്ടിത്തിരിക്കുകയോ ചെയ്തിട്ടില്ല. പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കാത്തതു കാരണം പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടുന്നുണ്ടോ എന്നുപോലും അറിയാൻ പറ്റാത്ത സ്ഥിതി വിശേഷമാണുള്ളത്.

ജി.ഒ.(പി)419/15/ധനം, തീയതി 19.09.2015 പ്രകാരം ചെലവഴിക്കാത്ത പദ്ധതി വിഹിതം വർഷാവസാനം ലാപ്സാകുന്നതാണ്. ആസ്തി സംരക്ഷണത്തിനായി വകയിരുത്താവുന്ന തുക കൂടിയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്.

റവന്യൂ അധികാരികളുമായിച്ചേർന്ന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ അളന്നുതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന അനിവാര്യം

1. കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള ചാർജ്ജ് സ്റ്റേറ്റ്മെന്റ് പ്രകാരംഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് നിലവിൽ 97075/- രൂപയാണ്. ഇനം തിരിച്ചുള്ള വിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | ഈടാക്കുന്ന വൈദ്യുതിചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ബൾബ് | 547 | 61 | 33367 |
| 2 | സാധാരണ ബൾബ് | 42 | 94 | 3948 |
| 3 | സാധാരണ ബൾബ് | 8 | 155 | 1240 |
| 4 | ഫ്ലൂറസന്റ് ട്യൂബ് | 203 | 124 | 25172 |
| 5 | എം.വി. ലാമ്പുകൾ | 5 | 414 | 2070 |

| | | | | |
|---|---|---|---|---|
| 6 | എസ്.വി. ലാമ്പുകൾ | 71 | 414 | 29394 |
| 7 | എൽ.ഇ.ഡി | 157 | 12 | 1884 |
| 8 | ആകെ | | | 97075 |

ഇത് പ്രകാരം 597 സാധാരണ ബൾബുകളുടെ കറന്റ് ചാർജ്ജിനത്തിൽ 38555/- രൂപ വീതമാണ് ഗ്രാമപഞ്ചായത്ത് മാസം തോറും അടവാക്കുന്നത്. എന്നാൽ കഴിഞ്ഞ അഞ്ച് വർഷമായി ഗ്രാമപഞ്ചായത്തിൽ സാധാരണ ബൾബുകൾ വാങ്ങുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം സാധാരണ ബൾബുകൾ ഒന്നും തന്നെ നിലവിലില്ലാത്ത സാഹചര്യത്തിലാണ് മാസം തോറും ഗ്രാമപഞ്ചായത്ത് 38555/- രൂപ വീതം അടവാക്കുന്നത്.

സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം 530 സി.എഫ്.എൽ ബൾബുകളും 2015—16 വർഷം 322 സി.എഫ്.എൽ വിളക്കുകളും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള ചാർജ്ജ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ബൾബുകളുടെ കറന്റ് ചാർജ് ഒന്നും തന്നെ ഈടാക്കുന്നില്ല.ഇല്ലാത്ത ഓർഡിനറി ബൾബുകളുടെ കൂടിയ നിരക്കിലുള്ള ചാർജാണ് പഞ്ചായത്ത് വൈദ്യുതിചാർജായി അടച്ചു കൊണ്ടിരിക്കുന്നത്.

സാധാരണ ബൾബുകൾക്ക് പകരമായി സി.എഫ്.എൽ ലാമ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും ഇത് പ്രകാരം വൈദ്യുതിചാർജ്ജ് കുറയ്ക്കണമെന്ന് കാട്ടി റാന്നി കെ.എസ്.ഇ.ബി അസ്സിസ്റ്റന്റ് എൻജിനീയർക്ക് 16-02-2016-ൽ കത്ത് നൽകിയിട്ടുണ്ടെന്നും മുൻ ഓഡിറ്റ് വേളയിൽ അറിയിച്ചിട്ടുള്ളതാണ്.എന്നാൽ റാന്നി നോർത്ത് ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയറുടെ 22.02.2016 ലെ ബി.ബി.2015/227-ാം നമ്പർ കത്ത് പ്രകാരം സംയുക്ത പരിശോധന നടത്തുന്നതിന് തീയതി തീരുമാനിക്കണമെന്ന് കാണിച്ച് പഞ്ചായത്തിന് കത്ത് നൽകിയെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

തെരുവുവിളക്കുകളെ സംബന്ധിക്കുന്ന രജിസ്റ്റർ (സ്ഥലം, വാർഡ് നമ്പർ, പോസ്റ്റ് നമ്പർ, ഇനം ഇവ രേഖപ്പെടുത്തിയത്), തെരുവുവിളക്കുകളുടെ പരാതി രജിസ്റ്റർ ഇവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

വൈദ്യുതി ബോർഡുമായിച്ചേർന്ന് തെരുവിളക്കുകളുടെ ഇനം, എണ്ണം, ഇവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി ഇതു സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കേണ്ടതും പ്രവർത്തന ക്ഷമമായ വിളക്കുകൾക്ക് മാത്രം വൈദ്യുത ചാർജ്അടയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടു കൂടി തുക അടവാക്കുന്നതിന് സർക്കാർ ഉത്തരവുണ്ടായിരുന്നു. ഇത് പ്രകാരം മീറ്റർ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചില്ല.

2. സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ നിലവിൽ(8/16) ഒരുമാസം അടവാക്കുന്നത് 99313/- രൂപ വീതമാണ്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള അവസാന ബിൽ പ്രകാരം (ബിൽ നം-11721/07-09-2016) വെള്ളക്കരമിനത്തിൽ 1909876/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കാൻ അവശേഷിക്കുന്നു.ഇത് കൂടാതെ ടി ബിൽ പ്രകാരം 34831/- രൂപ ഫൈൻ ഇനത്തിലും അടവാക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം തുക അവശേഷിക്കുന്നത് മൂലം ഓരോ മാസവും 2% എന്ന കണക്കിൽ അവശേഷിക്കുന്ന തുകയ്ക്ക് പലിശ സഞ്ചിതമാക്കിയാണ് അടുത്തമാസത്തെ ബിൽ തുക

ലഭ്യമാകുന്നത്. സെപ്തംബർ മാസത്തിലെ ബിൽ പ്രകാരം 227 ടാപ്പുകളുടെ വെള്ളക്കരമാണ് അടയ്ക്കുന്നത്.പ്രവർത്തന ക്ഷമമായ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ മാത്രം വെള്ളക്കരം അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വെള്ളക്കരമിനത്തിലെ കുടിശ്ശിക തുക മെയിന്റനൻസ് ഗ്രാന്റ് നോൺറോഡിൽ പ്രോജക്ട് തയ്യാറാക്കി അടവാക്കുന്നതിന് സർക്കാർ ഉത്തരവുണ്ടായിരുന്നിട്ടും (ജി.ഒ.(എം.എസ്) നം-82/2008 ത.സ്വ.ഭ.വ തീയതി- 15-03-2008) ടി ആനുകൂല്യം ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തില്ല എന്നത് വളരെ ഗൗരവമായി ഓഡിറ്റ് വീക്ഷിക്കുന്നു.

സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ്,പൊതു ടാപ്പുകളുടെ വെള്ളക്കരം എന്നീയിനങ്ങളിൽ വൻതുക മാസംതോറും അടവാക്കുന്നത് ഒഴിവാക്കുന്നതിനായി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരമുള്ള നടപടികൾ ഭരണസമിതിസ്വീകരിക്കേണ്ടതാണ്.

## 3-3 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങലിന് പണം നൽകി; മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 40/16 |
| അടങ്കൽ | 100000 |
| ചെലവ് | 100000 |
| ബിൽ നമ്പർ/ തീയതി | 01/2015-16തീയതി-22/02/2016 |

ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും മരുന്നു വാങ്ങുന്നതിനായി 100000/ രൂപയുടെ ഡി.ഡി (ഡി.ഡി.നമ്പർ 517191 തീയതി 24.02.2016) 08.03.2016 ൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം.07/22.10.2016) അതിനുള്ള മറുപടിയിൽ, നാളിതുവരെയായി മരുന്നു ലഭിച്ചിട്ടില്ല എന്നാണ് ചീഫ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. നിർദ്ധനരായ രോഗികൾ ചികിത്സയ്ക്കായി സമീപിക്കുന്ന സർക്കാർ ഡിസ്പെൻസറിയിലെ മരുന്നുകളുടെ ദൗർലഭ്യം ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ ഹോമിയോ ഡിസ്പെൻസറിയിൽ എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

| പദ്ധതിയുടെ പേര് | ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ (S0011/16) | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ, (S0014/16) |
|---|---|---|
| അടങ്കൽ തുക | 180000 (മെയിന്റനൻസ് നോൺ | 180000 (മെയിന്റനൻസ് |

| | | |
|---|---|---|
| | റോഡ് ഫണ്ട്) | നോൺ റോഡ് ഫണ്ട്) |
| ചെലവ് തുക | 180000 (Bill No.05/15-16 /29.02.16) | 180000 (Bill No.07/15-16 /15.03.16) |

1. <u>നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ പദ്ധതി രൂപീകരിക്കുന്നു</u>

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം, ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ, ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കേറ്റ് വാങ്ങിയ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ കേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങി നൽകാവുന്നതാണെന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കേറ്റ് കിട്ടിയതിന് ശേഷം മാത്രമേ മരുന്ന് വാങ്ങലിന് പദ്ധതി തയ്യാറാക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ റാന്നി പഴവങ്ങാടി പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പദ്ധതി തയ്യാറാക്കിയത് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കേറ്റ് വാങ്ങാതെയാണ്.

2. <u>മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല</u>

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിന് ഡിഡി നം. 517540/04.03.16, 517837/17.03.16 എന്നിവ പ്രകാരം 360000 രൂപ നൽകിയതിൽ 301236 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാകാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-5 <u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-സംയുക്ത പദ്ധതിയായി നടപ്പാക്കിയില്ല.</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 156/16 |
| അടങ്കൽ | 200000(വികസന ഫണ്ട്) |
| ചെലവ് | 199999 |
| ബിൽ നമ്പർ/തീയതി | VIII/15-16 , 30.03.2016 |

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പദ്ധതിമാർഗ്ഗരേഖ ഉത്തരവ് (ജി.ഒ.എം.എസ്/362/2013 തസ്വഭവ. 16.11.2013 ഖണ്ഡിക (VIII), ബി, സി പ്രകാരവും ഭിന്നശേഷിയുള്ളവർ,അംഗപരിമിതർ എന്നിവർക്കായുള്ള സബ്സിഡി മാർഗ്ഗരേഖ കുറിപ്പ് (1),(2) എന്നിവ പ്രകാരവും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി ഗ്രാമ, ബ്ളോക്ക്,ജില്ലാപ്പഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുക്കേണ്ടതും 50:25:25 എന്ന അനുപാതത്തിൽ ഇതിനായി തുക വകയിരുത്തി

നിർവ്വഹണച്ചുമതലയുള്ള ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതുമാണ്. ഗുണഭോക്താക്കൾ ഏത് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരാണോ ആ ഗ്രാമപ്പഞ്ചായത്താണ് അവർക്ക് ധനസഹായം നൽകേണ്ടത്.

റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്ത് ഈ പദ്ധതി സംയുക്തമായല്ല നടപ്പാക്കിയത് പദ്ധതിക്ക് വേണ്ടി വികസനഫണ്ട് മാത്രമേ വകയിരുത്തിയിട്ടുള്ളൂ. 26 വ്യക്തികൾക്ക് പഞ്ചായത്ത് ധനസഹായം നൽകിയിട്ടുണ്ട്.എന്നാൽ ഓരോ ഗുണഭോക്താവിനും അർഹമായ തുക പൂർണ്ണമായും നൽകിയിട്ടില്ല.

റാന്നി ബ്ളോക്ക് പഞ്ചായത്തിലും സി.ഡി.പി.ഒ മുഖേന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് തന്നെയാണ് ബ്ളോക്ക് പഞ്ചായത്തിലും ആനുകൂല്യം നൽകുന്നതിന് ലഭ്യമാക്കിയതെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നും അനുവദനീയമായ സബ്സിഡി നിരക്കിലും അധികമായി തുക നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25, തീയതി 2.11.16) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത പ്രോജക്ട് സംയുക്ത പ്രോജക്ടായി മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 മീഡിയാശ്രീ - പദ്ധതി തുക പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | മീഡിയാ ശ്രീ (S0157/16) |
| അടങ്കൽ തുക | 65000 (വികസന ഫണ്ട്) |
| ചെലവ് തുക | 19500, Bill No.09/15-16/15.3.16<br>45500, Bill No.21/15-16/31.3.16 |

കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രമായി പുറത്തിറക്കുന്നതിനായി രൂപം നൽകിയ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി 65000 രൂപ തനത്ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് 05.12.2014-ലെ സ.ഉ(സാധാ) 3206/14/lsgd നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്, ഡോക്യുമെന്ററിയുടെ തിരക്കഥ സർക്കാർ അംഗീകരിച്ചതിന്റെ കത്തും പദ്ധതി നടത്തിപ്പിനു വേണ്ട തുകയും മുൻകൂറായി കുടുബശ്രീ ജില്ലാമിഷന് നൽകി കരാറിൽ ഏർപ്പെടേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനുണ്ട്. ഇതനുസരിച്ച് S0157 നമ്പരായി 65000 രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ച് തുക പിൻവലിച്ചെങ്കിലും കുടുംബശ്രീ സംസ്ഥാന മിഷൻ കോർഡിനേറ്ററുടെ പേരിലെടുത്ത ഡിഡി ജില്ലാമിഷൻ കോർഡിനേറ്റർക്ക് കൈമാറാതെ (നം.517839/17.3.16, 520266/12.4.16) ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. ഡോക്യുമെന്ററിക്ക് ആവശ്യമായ തിരക്കഥ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങുകയോ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററുമായി കരാറിൽ ഏർപ്പെട്ട് തുക കൈമാറുകയോ ചെയ്യാതിരിക്കുന്ന സാഹചര്യത്തിൽ, മേൽ നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം പിൻവലിച്ച പദ്ധതി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുകയോ ചെയ്യേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 65000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പദ്ധതിയുടെ പേര് | ഭവന നിർമ്മാണം (പട്ടികജാതി) S0164/15 (സ്പിൽ ഓവർ) |
| അടങ്കൽ തുക | 308500 (എസ്.സി.പി) |
| ചെലവ് തുക | 300000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

02.05.15-ലെ സ.ഉ(സാധാ)1290/15/lsgd നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം 200000 രൂപയിൽ നിന്ന് 300000 രൂപയായി വർദ്ധിപ്പിച്ചപ്പോൾ, 2014-15 വർഷം ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചവർക്ക് അധികതുക നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം അധിക സഹായം അനുവദിച്ചു. ഇതിനോടനുബന്ധിച്ച് ബിൽ നം.03/15-16/29.6.15 പ്രകാരം പിൻവലിച്ച 100000 രൂപ ആർക്കാണ് നൽകിയതെന്ന് സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് 01.11.16-ന് നൽകിയ ഓഡിറ്റ് എൻക്വയിക്ക് (നം.23) മറുപടി ലഭ്യമാക്കിയില്ല.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | ഭവന പുനരുദ്ധാരണം (പട്ടികജാതി) S0165/15, സ്പിൽ ഓവർ |
| അടങ്കൽ തുക | 100000 (എസ്.സി.പി) |
| ചെലവ് തുക | 50000, Bill No.04/15-16/17.7.15<br>20000, Bill No.17/15-16/29.3.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് ആനുകൂല്യം നൽകുന്നതിന് ബിൽ നം.04/15-16 പ്രകാരം 50000 രൂപ (10 ഗുണഭോക്താക്കൾക്ക് 5000 രൂപ വീതം) പിൻവലിച്ചെങ്കിലും 9 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ (45000 രൂപ) ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഇത് സംബന്ധിച്ച് 01.11.16-ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23) മറുപടി ലഭ്യമാക്കിയില്ല. 5000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 3-8 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് വലിയ നഷ്ടം സംഭവിച്ചു

2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്. CPWD, Analysis

of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്. PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/m3 ആണ്. (4753.29 x 1.4095 = 6699.76). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറ നിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കു കൂടി നൽകിയിരിക്കുന്നു.

അതായത് എം ക്യൂബിന് 7058.78 രൂപ നിരക്കിലാണ് ഫൈനൽ ബിൽ തയ്യാറാക്കി നൽകിയിരിക്കുന്നത്. ഇത് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| Labour | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |

| | | | | | |
|---|---|---|---|---|---|
| 0002 | Hire Charge of concretemixer 0.25 to 0.40m3 with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| Total | | | | | 6699.76 |

For Flooring:(DSR Code:11.7) Details of cost for one m3

| | | | | | |
|---|---|---|---|---|---|
| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR, cc work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |
| 0124 | Mason(brick layer) 2$^{nd}$ class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |

| | |
|---|---|
| Cost Index for Pathanamthitta,40.95% | 2050.78 |
| Total | 7058.78 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ റാന്നി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടേയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര്/ ഫണ്ടിനം/ അടങ്കൽ | കൺവീനറുടെ പേരും വിലാസവും, എം.ബുക്ക് നം | പ്രവൃത്തി മൂല്യം, ഡി.ഡി നം/ തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. (@ 7058.78/ m3) | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@ 6699.76/ m3) | നഷ്ടം |
|---|---|---|---|---|---|---|
| 1 | 116/16, കല്ലുംപറമ്പിൽ പടി - മാമ്മൂക്ക് റോഡ് കോൺക്രീറ്റിങ്ങ് മെയിന്റനൻസ് ഫണ്ട് (റോഡ്) 100000 | ഏബ്രഹാം കെ.സി. കല്ലുംപറമ്പിൽ, പഴവങ്ങാടി 30/15-16 | 94322.53 ബിൽ തയ്യാറാക്കിയ തീയതി 27.11.15 | 6.60m3, 46587.95 | 44218.42 | 2369 |
| 2 | 69/16കുന്നിരിക്കൽ പടി - തേൻപുരമണ്ണിൽ പടി റോഡ് കോൺക്രീറ്റിംങ്ങ്. 100000മെയിന്റനൻസ് ഫണ്ട് (റോഡ്) | സജി ജേക്കബ്, കൈപ്പുഴ, പഴവങ്ങാടി 68/15-16 | 94197.65 ഫണ്ട്ഓതറൈ സേഷൻ തീ. 22.03.16 | 6.59m3, 46517.36 | 44151.42 | 2365 |
| 3 | 70/16 സൈലന്റ് വാലി ഓതറപ്പടി റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ് 200000 | വാസമ്മ സോമൻ, തേക്കടയിൽ, പഴവങ്ങാടി 60/15-16 | 188430.70 520233/ 7.4.16 ഫണ്ട് ഓതറൈ സേഷൻ തീ. 22.03.16 | 13.185m3, 93070.01 | 88336.33 | 4733 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 77/16ചെല്ലയ്ക്കാട് ഞുഞ്ഞുമൺ കരിശുപടി-റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ് 100000 | കെ.പി. ജോസഫ്, കാവുംപുറത്ത്, ചെല്ലയ്ക്കാട് 25/15-16 | 94197.71 517023/ 19-02-16 ഫണ്ട് ഓതറൈ സേഷൻ തീ. 05.01.16 | 6.59m3, 46517.36 | 44151.42 | 2365 |
| 5 | 75/16 മുതിരകാലാപടി-കാലായിൽപടി-വട്ടാർകയം റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ് 100000 | സൈമൺ മത്തായി, അമ്പാട്ട്, മക്കപ്പുഴ 10/15-16 | 94197.71 517022/ 19-02-16 ഫണ്ട് ഓതറൈ സേഷൻ തീ. 26.12.15 | 6.59m3, 46517.36 | 44151.42 | 2365 |
| 6 | 74/16 ഹെൽത്ത് സെന്റർ- കുന്നം റോഡ് കോൺക്രീറ്റിംഗ് തനത്ഫണ്ട് 200000 | റോസിലി സ്റ്റാൻലി, കഴുന്നടിയിൽ, ഇടമൺ, പഴവങ്ങാടി 70/15-16 | 188430.85 ബിൽ രജി. 597/30.3.16 | 13.185m3, 93070.01 | 88336.33 | 4733 |
| 7 | 162/16 നീരേറ്റുകാവ്-പുഞ്ചിരിമുക്ക് റോഡ് കോൺക്രീറ്റിംഗ് പ്ലാൻ ഫണ്ട് 76000 തനത്ഫണ്ട് 24000 | എം.സി. വർഗീസ്, മഞ്ഞളശ്ശേരിൽ, കക്കുടുമൺ 57/15-16 | 94197.71 520201/ 7.4.16 ഫണ്ട് ഓതറൈ സേഷൻ തീ. 23.3.16 | 6.59m3, 46517.36 | 44151.14 | 2365 |
| 8 | 128/16 ചാവരുപാറ-വരമ്പക്കൽ-കല്ല്യാണിമുക്ക് റോഡ് കോൺക്രീറ്റിംങ്. 200000മെയിന്റനൻസ് ഫണ്ട് (റോഡ്) | എം.ഐ. തോമസ്സ്, മുരിക്കനാട്ടിൽ, കരികുളം 74/15-16 | 188430.70 ഫണ്ട് ഓതറൈ സേഷൻ തീ. 26.3.16 | 13.185m3, 93070.01 | 88336.33 | 4733 |

| | | | | | | |
|---|---|---|---|---|---|---|
| 9 | 62/16 മന്ദമരുതി-തലക്കോട്ട് പടി-പള്ളിപടി റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>100000 | എ.ടി. ജോയിക്കുട്ടി, ഐരാണിത്തറ, മക്കപ്പുഴ<br>15/15-16 | 93467.19<br>517027/ 19.02.16 ഫണ്ട് ഓതറൈസേഷൻ തീ. 26.12.15 | 6.54m3,<br>46164.42 | 43816.43 | 2347 |
| 10 | 104/16 ഇരട്ടക്കലുങ്ക്-തെക്കുമ്മല റോഡ് കോൺക്രീറ്റിംങ്.<br>100000മെയിന്റനൻസ് ഫണ്ട് (റോഡ്) | പി.ടി. ദാനിയേൽ, പുളിക്കമണ്ണിൽ, ഇടമൺ<br>69/15-16 | 94211.81<br>ഫണ്ട്ഓതറൈസേഷൻ തീ. 22.3.16 | 6.592m3,<br>46531.47 | 44164.81 | 2366 |
| 11 | 58/16 പ്ലാച്ചേരി-താളിയാനിക്കപ്പടി-കോയിപ്പുറത്ത് പടി റോഡ് കോൺക്രീറ്റിംങ്.<br>200000മെയിന്റനൻസ് ഫണ്ട് (റോഡ്) | ജോസഫ് കെ.ഐ.<br>കണ്ണങ്കര വീട്, പഴവങ്ങാടി<br>14/15-16 | 188574.5<br>ഫണ്ട്ഓതറൈസേഷൻ തീ. 21.3.16 | 13.19m3,<br>93105.31 | 88369.33 | 4735 |
| 12 | 108/16 മാമ്മുക്ക്-തേക്കാട്ടിൽ റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>100000 | എം.ആർ.രാമചന്ദ്രൻ, കാർത്തികമേലേ ഇടശ്ശേരിൽ, പഴവങ്ങാടി<br>43/15-16 | 94174.39<br>ഫണ്ട്ഓതറൈസേഷൻ തീ. 27.01.16 | 10.575m3,<br>74646.60 | 70849.96 | 3796 |
| 13 | 65/16 കരികുളം-മലയ്ക്കുതടം റോഡ് കോൺക്രീറ്റിംങ്.<br>200000മെയിന്റനൻസ് ഫണ്ട് (റോഡ്), ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>100000. | ഗോപിനാഥൻ നായർ, പഴയിടത്തിൽ, കരികുളം<br>12/15-16 | 246816.30<br>469586/ 03-02-16<br>517026/ 19-02-16 | 28.34m3,<br>200045.8 | 189871.19 | 10174 |

| | | | | | | |
|---|---|---|---|---|---|---|
| 14 | 16/16 ആനത്തടം-കല്ല്യാണിമുക്ക് റോഡ് കോൺക്രീറ്റിംങ്ങ്.<br>200000മെയിന്റനൻസ് ഫണ്ട് (റോഡ്) | സജി തോമസ്, ചരുവിൽ, റാന്നി<br>41/15-16 | 188430.72<br>ഫണ്ട്ഓതറൈ സേഷൻ തീ. 27.01.16 | 13.185m3,<br>93070.01 | 88336.33 | 4733 |
| 15 | 97/16 നട്ടക്കെമുറിപ്പടി-പൂഴിക്കുന്നേൽ കത്തോലിക്കപള്ളിപടി റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>150000. | ഷിജു ജോർജ്ജ്,<br>22/15-16 | 141483.82<br>517025/ 19-02-16 ഫണ്ട് ഓതറൈ സേഷൻ തീ. 27.01.16 | 9.90m3,<br>69881.92 | 66327.62 | 3554 |
| 16 | 110/16 താമരശ്ശേരിപ്പടി-വളഞ്ഞംതുരുത്തേൽപടി റോഡ് കോൺക്രീറ്റിംഗ് തനത് ഫണ്ട്<br>100000. | പി.വി. വർഗീസ്, വേങ്ങത്തോട്ടത്തിൽ<br>പഴവങ്ങാടി<br>31/15-16 | 91633.03<br>521914/ 02-4-16 പ്രവൃത്തി പൂർത്തിയായത്-7-11-15ൽ | 5.12m3,<br>36140.95 | 34302.77 | 1838 |
| 17 | 61/16 വട്ടയ്ക്കാട്ട് കടവ് റോഡ് കോൺക്രീറ്റിംഗ് തനത് ഫണ്ട്<br>100000. | ജേക്കബ് തോമസ്, ചെറുവട്ടയ്ക്കാട്ട്, ഐത്തല<br>44/15-16 | 94322.53<br>പ്രവൃത്തി പൂർത്തിയായത് -7-11-15ൽ കൺവീനറുടെ അക്കൗണ്ടിൽ ഡിഡി വരവ് വന്നത് – 19-4-16ൽ | 6.60m3,<br>46587.95 | 44218.42 | 2369 |
| 18 | 85/16 ചേത്തയ്ക്കൽ-ഓലിക്കൽപടി-കോട്ടയ്ക്കൽ പുരയിടം റോഡ് കോൺക്രീറ്റിംങ്ങ്. | മാത്യു എം.വി.<br>മാത്തിപറമ്പിൽ,<br>ചേത്തയ്ക്കൽ | 94014.65<br>521004/ 21-3-16 ഫണ്ട് ഓതറൈ | 5.25m3,<br>37058.60 | 35173.74 | 1884 |

| | | | | | | |
|---|---|---|---|---|---|---|
| | 100000മെയിന്റനൻസ് ഫണ്ട് (റോഡ്) | 38/15-16 | സേഷൻ തീ. 27.01.16 | | | |
| 19 | 89/16 ആലുംമൂട് പടി- മേലേമണ്ണിൽ പടി റോഡ് കോൺക്രീറ്റിംങ്ങ്.<br>100000മെയിന്റനൻസ് ഫണ്ട് (റോഡ്) | അനൂപ് കൃഷ്ണൻ, വെച്ചൂതുണ്ടിയിൽ, ചേത്തയ്ക്കൽ<br>49/15-16 | 93944.05<br>521005/ 21-3-16 ഫണ്ട് ഓതറൈ സേഷൻ തീ. 27.01.16 | 5.24m3,<br>36988. | 35106.74 | 1881 |
| 20 | 90/16 നാലുകെട്ടിൽപടി- പൊട്ടൻമല റോഡ് കോൺക്രീറ്റിംഗ് തനത് ഫണ്ട് 100000. | അനൂപ് കൃഷ്ണൻ, വെച്ചൂതുണ്ടിയിൽ, ചേത്തയ്ക്കൽ<br>46/15-16 | 94197.71 517696/ 21-3-16 | 6.59m3,<br>46517.36 | 44151.41 | 2365 |
| 21 | 78/16 മന്ദമരുതി- മുറിയം കേരിപടി- ആനക്കല്ല് റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>100000. | അജിതകുമാരി വി.സി., പഴയചിറ പുതുപ്പറമ്പിൽ, വലിയകാവ് പി.ഒ.<br>16/15-16 | 94197.71 517024/ 19-02-16 ഫണ്ട് ഓതറൈ സേഷൻ തീ. 19.02.16 | 6.59m3,<br>46517.36 | 44151.41 | 2365 |
| 22 | 73/16 വാകത്താനം- ഉള്ളിരിക്കൽ പടി റോഡ് കോൺക്രീറ്റിംങ്ങ്.<br>200000മെയിന്റനൻസ് ഫണ്ട് (റോഡ്) | കുര്യൻ ചാക്കോ, ഉള്ളിരിക്കൽ, ഇടമൺ, പഴവങ്ങാടി<br>64/15-46 | 188430.70<br>ഫണ്ട്ഓതറൈ സേഷൻ തീ. 22.03.16 കൺവീനറുടെ അക്കൗണ്ടിൽ ഡിഡി വരവ് വന്നത് - 19-4-16ൽ | 13.185m3,<br>93070.01 | 88336.33 | 4733 |
| 23 | 91/16 പെരുമേത്ത് പടി- ഇലവുങ്കൽ റോഡ് കോൺക്രീറ്റിംഗ് തനത് ഫണ്ട് 100000. | കെ.എ. ഏബ്രഹാം, കാവിൽ, ഇടമൺ<br>48/15-16 | 94197.71<br>517695/ 21-3-16 | 6.59m3,<br>46517.36 | 44151.41 | 2365 |

| | | | | | | |
|---|---|---|---|---|---|---|
| 24 | 83/16 പച്ചടിക്കാമല-പട്ടയിൽ പടി-ചേരാവള്ളിയിൽ റോഡ് കോൺക്രീറ്റിംങ്ങ്.<br>200000മെയിന്റനൻസ് ഫണ്ട് (റോഡ്) | തോമസ് കുട്ടി കെ. കുളഞ്ഞിയിൽ, ചെല്ലക്കാട്, പഴവങ്ങാടി<br>36/15-16 | 94197.91<br>ഫണ്ട്ഓതറൈസേഷൻ തീ. 27.01.16 കൺവീനറുടെ അക്കൗണ്ടിൽ ഡിഡി വരവ് വന്നത് - 11-4-16ൽ | 6.59m3,<br>46517.36 | 44151.41 | 2365 |
| 25 | 88/16 ചേത്തയ്ക്കൽ-പാക്കാവുങ്കൽപള്ളിപടി റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>100000. | സതീഷ് ബാബു ടി.ജി., താന്നിക്കൽ, ചേത്തയ്ക്കൽ<br>45/15-16 | 94197.91<br>520081/ 7-4-16<br>ഫണ്ട്ഓതറൈസേഷൻ തീ. 22.03.16 | 6.59m3,<br>46517.36 | 44151.41 | 2365 |
| 26 | 71/16 പുതുശ്ശേരി- മേപ്രത്തുപടി- എബനേസർ ഹാൾ റോഡ് കോൺക്രീറ്റിംങ്ങ്.<br>150000മെയിന്റനൻസ് ഫണ്ട് (റോഡ്) | ജോർജ്ജ് തോമസ്, പുതുശ്ശേരി മേപ്രത്ത്, പഴവങ്ങാടി<br>67/15-16 | 140936.54<br>ഫണ്ട്ഓതറൈസേഷൻ തീ. 27.01.16 | 13.05m3,<br>92117.07 | 87431.87 | 4685 |
| 27 | 107/16 പെരുവയൽ-ബൗണ്ടറി റോഡ് കോൺക്രീറ്റിംങ്ങ്.<br>100000മെയിന്റനൻസ് ഫണ്ട് (റോഡ്) | റെജി തോമസ് വടക്കേടത്ത് ശാന്തി സദനം, ചെല്ലക്കാട്<br>59/15-16 | 94197.71<br>ഫണ്ട്ഓതറൈസേഷൻ തീ. 27.01.16 | 6.59m3,<br>46517.36 | 44151.41 | 2365 |
| 28 | 109/16 ലീലാമണിപടി-ആരശ്ശേരിപടി റോഡ് കോൺക്രീറ്റിംങ്ങ്.<br>100000മെയിന്റനൻസ് ഫണ്ട് (റോഡ്) | സി.വി. വിജയൻ<br>വിനോദ് ഭവൻ,<br>പഴവങ്ങാടി<br>32/15-16 | 94197.71<br>469583/ 03-02-16 ഫണ്ട് ഓതറൈസേഷൻ തീ. 05.01.16 | 6.59m3,<br>46517.36 | 44151.41 | 2365 |

| | | | | | | |
|---|---|---|---|---|---|---|
| 29 | 79/16 മന്ദനരുതി-വലിയകാവ്- മട്ടുമ്മയിൽ പടി റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ് 100000. | എം.പി.രാഘവൻ മട്ടുമ്മയിൽ വീട്, മക്കപ്പുഴ 17/15-16 | 94197.71 ഫണ്ട്ഓതറൈ സേഷൻ തീ. 28.3.16 | 6.59m3, 46517.36 | 44151.41 | 2365 |
| 30 | 59/16 പ്ലച്ചേരി-ആറൊന്നിൽപടി-പുത്തൻപുരയ്ക്കൽ പടി റോഡ് കോൺക്രീറ്റിംങ്. 200000മെയിന്റനൻസ് ഫണ്ട് (റോഡ്) | പുന്നൻ ജേക്കബ് പുത്തൻപുരയ്ക്കൽ, മക്കപ്പുഴ | 188574.5 469585/ 03-02-16 ഫണ്ട് ഒതറൈ സേഷൻ തീ. 05.01.16 | 13.19m3, 93105.31 | 88369.83 | 4735 |
| 31 | 67/16 മണക്കാലാപള്ളി പടി- ഗുരുമന്ദിരം റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ് 150000. | ടി.കെ. ജനാർദ്ദനൻ കുരുപ്പേൽ, കരികുളം 19/15-16 | 141483.82 517021/ 19-02-16 ഫണ്ട് ഓതറൈ സേഷൻ തീ. 23.12.15 | 9.90m3, 69881.92 | 66327.62 | 3554 |
| 32 | 105/16 മാടത്തുംപടി-ശവക്കോട്ടപടി റോഡ് കോൺക്രീറ്റിംങ്. 100000മെയിന്റനൻസ് ഫണ്ട് (റോഡ്) | എം.എസ്. ജോസ് മഴവഞ്ചേരിയിൽ, റാന്നി | 94197.71 ഫണ്ട്ഓതറൈ സേഷൻ തീ. 28.3.16 | 6.59m3, 46517.36 | 44151.41 | 2365 |
| 33 | 53/16 NSS HS പടി-പൂതപ്പാറകോളനി റോഡ് കോൺക്രീറ്റിംഗ് ധനകാര്യകമ്മീഷൻ ഗ്രാന്റ് 400000. | പി.കെ. രവി ഉഷസദനം, മക്കപ്പുഴ 20/15-16 | 376748.09 520097/ 07-4-16 ഫണ്ട് ഓതറൈ സേഷൻ തീ. 21.3.16 | 26.40m3, 186351.79 | 176873.67 | 9478 |

| | | | | | | |
|---|---|---|---|---|---|---|
| 34 | 127/16 ഉലാമണ്ണിൽപടി-വാസന്തിനിലയം റോഡ് കോൺക്രീറ്റിംങ്ങ്. 150000മെയിന്റനൻസ് ഫണ്ട് (റോഡ്) തനത് ഫണ്ട് 100000. | അജിമോൻ വാണിയടത്ത്, ചെറുകുളഞ്ഞി പി.ഒ. 76/15-16 | 234734.5 ഫണ്ട്ഓതറൈസേഷൻ തീ. 23.02.16 | 16.425m3, 115940.46 | 110043.56 | 5896 |
| 35 | 114/16 പുതുവേലിപ്പടി-മേപ്രത്ത്പടി റോഡ് കോൺക്രീറ്റിംഗ് തനത് ഫണ്ട് 100000. | എം.ഒ. സോജി, മേപ്രത്ത്, ഐത്തല 42/15-16 | 94197.71 ബിൽ രജി. 592/30.3.16 | 6.59m3, 46517.36 | 44151.41 | 2365 |
| | ആകെ | | | | | 122436 |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 122436 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ റാന്നി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടേയും പക്കൽ നിന്ന് നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്. 122436 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 അങ്കണവാടികൾ- അവലോകനം

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ഗ്രാമപ്പഞ്ചായത്തിൽ ആകെയുള്ള 31 അങ്കണവാടികളിൽ 13 എണ്ണം മാത്രമേ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുള്ളൂ. 17 എണ്ണം വാടകക്കെട്ടിടത്തിലും ഒരെണ്ണം സ്കൂളിനോടനുബന്ധിച്ചും പ്രവർത്തിക്കുന്നു. മൊത്തം അങ്കണവാടികളിൽ 8 എണ്ണത്തിന് കുടി വെള്ള സൗകര്യമില്ല. പകുതിയിലേറെയും ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവയാണ്. വൈദ്യുതിയുള്ളവ 10 എണ്ണം മാത്രമാണ്. വൈദ്യുതീകരണം നടത്തിയിട്ടും കണക്ഷൻ ലഭിക്കാത്ത ഒരു അങ്കണവാടിയുണ്ട്. സ്ഥലമുണ്ടായിട്ടും കെട്ടിടം ഇല്ലാത്ത 6 അങ്കണവാടികളുണ്ട്.

2016-17 വർഷം 6-ാം നമ്പർ അങ്കണവാടിയ്ക്ക് ചേത്തയ്ക്കൽ കളരിയ്ക്കൽ വീട്ടിൽ പത്രോസും സഹോദരങ്ങളും ചേർന്ന് 1ആർ 0.2 ച.മീ സ്ഥലം സംഭാവനയായി നൽകിയിട്ടുണ്ട്.വസ്തുവിന്റെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ പേരിൽക്കൂട്ടിയിട്ടില്ല.ടി സ്ഥലം പേരിൽക്കൂട്ടി ആസ്തി രജിസ്ററിൽ ഉൾപ്പെടുത്തുകയും കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിവിധ പദ്ധതികളിലുൾപ്പെടുത്തി പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർമുഖേന പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ആശ്രയപദ്ധതി- അവലോകനം

സമൂഹത്തിലെ അഗതികളും നിരാശ്രരുമായ ജനങ്ങൾക്ക് ആശ്രയം നൽകുന്നതിനു വേണ്ടിയാണ് ആശ്രയപദ്ധതി ആവിഷ്കരിച്ചത്.ഒന്നാം ഘട്ട പദ്ധതി 2007-ലും രണ്ടാം ഘട്ടം 2013 വർഷത്തിലുമാണ്

ആരംഭിച്ചത്. രണ്ടു പദ്ധതികളും നിലവിലും തുടരുന്നു.

ആശ്രയപദ്ധതിയ്ക്ക് തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

ഒന്നാം ഘട്ടം

| ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 1000000 | 490000 | 267177 |
| വികസന ഫണ്ട് | 800000 | 400000 | 276371 |

രണ്ടാം ഘട്ടം

| ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| ചലഞ്ച് ഫണ്ട് | 1518737 | 506250 | 491814 |
| വികസന ഫണ്ട് | 2322000 | 550000 | 50000 |

പദ്ധതിയനുസരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണവും ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | ഒന്നാം ഘട്ടം | | രണ്ടാം ഘട്ടം | |
|---|---|---|---|---|---|
| | | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
| 1. | വസ്തു വാങ്ങൽ | 6 | 1 | 2 | |
| 2. | ഭവന നിർമ്മാണം | 10 | 4 | 5 | |
| 3. | കക്കൂസ് നിർമ്മാണം | 22 | | 5 | |
| 4. | പഠന സഹായം | | | | |
| 5. | വൈദ്യുതി ചാർജ് | 26 | | | |
| 6. | വീട് അറ്റകുറ്റപ്പണി | 2 | 2 | 28 | 2 |
| 7. | പെൻഷൻ | 48 | | 4 | |
| 8. | കുടിവെള്ളം | 18 | | | |
| 9. | ഉപജീവനസഹായം | 50 | | | |

| | | | | | |
|---|---|---|---|---|---|
| 10. | ചികിത്സാസഹായം | 50 | | 60 | |
| 11. | ഭക്ഷണം | | | 66 | |

ആശ്രയപദ്ധതിയ്ക്കായി വികസന ഫണ്ടിൽ 623619 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. പഞ്ചായത്ത് വകയിരുത്തിയ തുകയിലും ഭൂരിഭാഗം തുകയും പദ്ധതിയ്ക്കായി നൽകിയിട്ടില്ല. ആകെയുള്ള 89 പേർക്ക് പഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്നുണ്ട് .ഇക്കാര്യത്തിലൊഴികെ ആശ്രയ ഗുണഭോക്താക്കളുടെ കാര്യത്തിൽ പഞ്ചായത്ത് വേണ്ടത്ര പരിഗണന നൽകുന്നില്ല.ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈവിഷയത്തിൽ അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-11 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

| പദ്ധതിയുടെ പേര് | മൂന്ന് സെന്റ് കോളനി വേങ്ങത്തടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, (S0171/15, സ്പിൽ ഓവർ) | കട്ടകാരത്തടം ചെളിക്കുഴിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0175/15) |
|---|---|---|
| അടങ്കൽ തുക | 30000 (എസ്.സി.പി) | 200000 (എസ്.സി.പി) |
| ചെലവ് തുക | 30000, Bill No.24/15-16/31.3.16<br>DD No.520268/12.4.16 | 200000, Bill No.25/15-16/31.3.16<br>DD No.520270/12.4.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി |

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയ്ക്കായി വകയിരുത്തിയ തുക കേരള വാട്ടർ അതോറിറ്റി പത്തനംതിട്ട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് ഡിഡി എടുത്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾക്ക് തുക നിക്ഷേപിക്കുവാൻ ആധാരമായ എസ്റ്റിമേറ്റ്, തുക പദ്ധതിയ്ക്കായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വ്യക്തമായ എസ്റ്റിമേറ്റിന്റെ അഭാവത്തിൽ തുക നിക്ഷേപിച്ചതിനാലും നിക്ഷേപിച്ച തുക പദ്ധതിയ്ക്കായി വിനിയോഗിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജല വകുപ്പ് | മൃഗാശുപത്രി, അങ്കണവാടി,കുടുംബശ്രീ വാട്ടർ കണക്ഷൻ | 21500349 | 148200 | 148200 | പൂർത്തീകരിച്ചിട്ടില്ല. | |
| ഭൂജല അതോറിറ്റി | കുഴൽ കിണർ | 21500893 | 7964 | 7964 | പൂർത്തീകരിച്ചിട്ടില്ല. | |
| പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) | മൃഗാശുപത്രി, അങ്കണവാടി, കെട്ടിടങ്ങൾക്ക് വൈദ്യുത കണക്ഷൻ | 21500624 | 101250 | 101250 | പൂർത്തീകരിച്ചിട്ടില്ല. | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ഇ.എം.എസ് ലോൺ | 563/2010<br>22/02/2010 | 11656500 | 4144275 | 3802313 | 341962 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2014-15 | 3-5 | 5048 | അസിസ്റ്റന്റ് എൻജിനീയർ | 11501105775/22-02-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37769215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45418968 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 122436 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 170000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 122436 | 1. മുഹമ്മദ് റാഫി, അസിസ്റ്റന്റ് എഞ്ചിനീയർ<br>2. ലത.എം.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപയിൽ) | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 65000 | എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(1) | 100000 | രേണുകാദേവി അമ്മാൾ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7(2) | 5000 | രേണുകാദേവി അമ്മാൾ, അസിസ്റ്റന്റ് സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് റാഫി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഇരട്ടിയാർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല | കാരുണ്യ, കരുവാറ്റ, അടൂർ |
| ലത.എം.എസ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാന്നി ബ്ലോക്ക് പഞ്ചായത്ത് | മാരേറ്റ് തെക്കേവീട്ടിൽ, പുതുശ്ശേരി പി.ഒ. തിരുവല്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 4/399/98 തീയതി 29-09-00 | |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/916/07 തീയതി 13-10-08 | |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/461/2008 തീയതി 31-01-09 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി4/81/2006തീയതി 08-08-2006 | |

| | | |
|---|---|---|
| (ജ.ആ.ഒഴികെ ചെലവ്) | | |
| 2000--01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.4/90/2004 തീയതി 10-08-2004 | |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/462/2008 തീയതി 31-01-2009 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/91/2004 തീയതി 10-08-2004 | |
| 2001-02 (ജ.ആ.ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/82/2006 തീയതി 31-08-2006 | |
| 2002-03 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി4/463/2008 തീയതി 12-02-2009 | |
| 2002-03 (ജ.ആ.ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/15/2007തീയതി 12-02-2009 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.5/360/09തീയതി 4-7-10/22-3-11 | |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.8/944/2010 തീയതി 24-6-11/29-7-11 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8/945/10 തീയതി24-6-11/29-7-11 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/511/12 തീയതി 6-7-12/4-7-13 | |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 6/567/12 തീയതി 3-9-12/4-7-13 | |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി 6/568/12 തീയതി 3-9-12/4-7-13 | |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/569/12 തീയതി 1-8-12/4-7-13 | |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി6/570/12 തീയതി 1-8-12/4-7-13 | |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി6/411/14 തീയതി 7-6-14/4-6-15 | |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി6/166/16 തീയതി 16/03/2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.പി.റ്റി.എ.പി6/1211/16
തീയതിഃ 21/11/2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

No.K.S.A.PTA/P11/1211/16 Dated :
21/11/2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ranny Pazhavangadi Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.
In my opinion, the Financial Statements of Ranny Grama Panchayat for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED
Deputy Director
Kerala State Audit Department
Pathanamthitta